# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ അഗസ്റ്റിൻ (354-430)



അമ്മയായ മോനിക്കയെ പോലെ, അല്ലെങ്കിൽ അമ്മയെക്കാൾ വലിയ വിശുദ്ധനാണ് അഗസ്റ്റിൻ. പാപങ്ങളിൽ മുഴുകി ജീവിച്ച ഒരു മനുഷ്യൻ. മദ്യപാനം, വ്യഭിചാരം, ചൂതാട്ടം എന്നിങ്ങനെ തിന്മകൾക്കു നടുവിൽ നിന്ന് വിശുദ്ധിയിലേക്ക് അഗസ്റ്റിനെ കൈപിടിച്ചു കയറ്റിയത് അമ്മയായ മോനിക്ക തന്നെയായിരുന്നു. ( ഓഗസ്റ്റ് 27 ലെ വിശുദ്ധ). മാണിക്കേയ മതം ആഫ്രിക്കയിൽ ഏറെ പ്രാചാരം നേടിയ സമയമായിരുന്നു അത്. ആഫ്രിക്കയുടെ വടക്കൻ പ്രദേശങ്ങൾ കൂടാതെ പേർഷ്യ, ഇറാക്ക്, അറേബ്യ, ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിലും ഈ മതം പ്രചരിച്ചിരുന്നുവെന്ന് പിന്നീട് തെളിവുകൾ കിട്ടി. അഗസ്റ്റിൻ തന്റെ വിദ്യാഭ്യാസകാലത്ത് ഈ മതത്തിൽ ആകൃഷ്ടനായി അതിന്റെ പ്രചാരകനായി കഴിഞ്ഞു. ഏതാണ്ട് ഒൻപതു വർഷം. മോനിക്കയുടെ പ്രാർത്ഥനകൾക്കോ അവരുടെ കണ്ണീരിനോ അവൻ വിലകൊടുത്തില്ല. വിവാഹം കഴിക്കാതെ തന്നെ അവൻ ഒരു സ്ത്രീയെ തന്റെ വെപ്പാട്ടിയാക്കി. പതിനഞ്ചാം വയസ്സു മുതൽ 30-ാം വയസ്സുവരെ ആ സത്രീക്കൊപ്പമാണ് അഗസ്റ്റിൻ ജീവിച്ചത്. അവരിൽ നിന്ന് അഗസ്റ്റിന് ഒരു മകനുമുണ്ടായി.

മാണിക്കേയ മതത്തിന്റെ പിടിയിൽ നിന്ന് മകനെ രക്ഷിക്കുവാനായിരുന്നു മോനിക്കയുടെ പ്രാർത്ഥനകളത്രയും. മാണിക്കേയ മതത്തിന്റെ പൊള്ളത്തരങ്ങൾ അഗസ്റ്റിൻ തിരിച്ചറിയുന്നത് തന്റെ 33-ാം വയസ്സിലാണ്. വിശുദ്ധനായിരുന്ന ആംബ്രോസിനറെ പ്രസംഗങ്ങൾ കേട്ടപ്പോൾ ആ മതം സത്യമല്ലെന്ന് അഗസ്റ്റിൻ തിരിച്ചറിഞ്ഞു. എന്നാൽ, അപ്പോഴും യേശുവിനെ അവൻ സ്വീകരിച്ചിരുന്നില്ല. മോനിക്ക പ്രാർത്ഥനകൾ തുടർന്നുകൊണ്ടിരുന്നു. ക്രൈസ്തവ മതം സ്വീകരിക്കുന്നതു സംബന്ധിച്ച് ഒരു ആശയക്കുഴപ്പം അവനെ അലട്ടിയിരുന്നു. തീരുമാനമെടുക്കാനാവാതെ ഏറെ നാൾ അങ്ങനെ കഴിഞ്ഞു. ഒരു ദിവസം ഉദ്യാനത്തിൽ ഏകനായി ഇരിക്കവേ, അഗസ്റ്റിന് ഒരു ഉൾവിളിയുണ്ടായി. എന്തിനാണ് ഇങ്ങനെ ദിവസങ്ങൾ തള്ളിനീക്കുന്നത്. എത്രനാളാണ് ഇങ്ങനെ നാളെ..... നാളെ..... എന്നു പറഞ്ഞു കഴിയുക. എന്തുകൊണ്ട് ഇപ്പോൾ തന്നെ അതായിക്കൂടാ?. പൗലോസിന്റെ ലേഖനങ്ങളുടെ ഒരു ഭാഗം അപ്പോൾ എവിടെനിന്നോ കിട്ടി. അത് എടുത്തു വായിക്കുക എന്നൊരു ശബ്ദവും അവൻ കേട്ടു. അവൻ പുസ്തകം തുറന്നു. അവൻ കണ്ട ഭാഗം ഇതായിരുന്നു. 'പകലിനു യോജിച്ച വിധം നമുക്കു പെരുമാറാം. സുഖലോലുപതയിലേ മദ്യലഹരിയിലോ അവിവിഹത വേഴ്ചകളിലോ വിഷയാസ്കതിയിലോ കലഹങ്ങളിലോ വ്യാപരിക്കരുത്. പ്രത്യുത കർത്താവായ യേശുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേയ്ക്കു നയിക്കത്തക്കവിധം പാപത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ'.(റോമ 13:13-14).

വൈകാതെ ഒരു ഉയർപ്പു തിരുനാൾ ദിവസം അഗസ്റ്റിൻ ജ്ഞാനസ്നാനം സ്വീകരിച്ചു. മോനിക്കയുടെ മരണശേഷം അഗസ്റ്റിൻ ആഫ്രിക്കയിൽ ഒരു സന്യാസ സമൂഹത്തിനു തുടക്കമിട്ടു.36-ാം വയസിൽ അദ്ദേഹം പുരോഹിതനായി. 41 -ാം വയസിൽ ഹിപ്പോയിലെ ബിഷപ്പു സ്ഥാനവും ലഭിച്ചു. മാണിക്കേയ മതത്തിന്റെ പ്രചാരകനായി ഒരിക്കൽ കഴിഞ്ഞ അഗസ്റ്റിൻ പിന്നീടുള്ള കാലം ആ മതത്തിന്റെ പൊള്ളത്തരങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നതിന് വേണ്ടിയാണ് പോരാടിയത്. 76-ാം വയസിൽ അഗസ്റ്റിൻ മരിച്ചു. വി.അഗസ്റ്റിന്റെ പ്രസിദ്ധമായ ഒരു വാചകം ഇതായിരുന്നു. 'ദൈവത്തിന് പണത്തിന്റെ ആവശ്യമില്ല. പാവങ്ങൾക്ക് പണം ആവശ്യമുണ്ട്. നിങ്ങൾ സംഭാവനകളും നേർച്ചകളും പാവങ്ങൾക്ക് കൊടുക്കുക. ദൈവത്തിന് അത് കിട്ടിക്കൊള്ളും.

വിശുദ്ധ അഗസ്റ്റിൻ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...